## വാതരോഗം - വാതരക്തം - ആമവാതം - രക്തവാതം

**വൈദ്യഭൂഷണം രാഘവൻ തിരുമുല്പാട്**

നിദാനം ലക്ഷണം ചികിത്സ എന്നിവയിലൂള്ള വ്യത്യാസമാണ് രോഗങ്ങളെ പ്രത്യേകിച്ച് വേറിട്ട് വിവരിക്കുന്നതിന് കാരണം. പല രോഗങ്ങൾക്കും പലതരത്തിലുള്ള സാദൃശ്യം ഉണ്ടാകാം. ഏകദേശം സാദൃശ്യംവെച്ച്, വ്യത്യസ്തതകളെ കണക്കിലെ എടുക്കാതെ ചെയ്യപ്പെടുന്ന ചികിത്സ എപ്പോഴും രോഗത്തെ ശമിപ്പിക്കുകയില്ല എന്ന് മാത്രമല്ല ചിലപ്പോൾ വ്യാപത്തിന് കാരണമായി എന്ന് തന്നെ വരാവുന്നതുമാണ്. വാതരോഗം, വാതരക്തം, ആമവാതം, രക്തവാതം എന്ന നാലു രോഗങ്ങളുടെ വ്യത്യസ്തതകളെ മനസ്സിലാക്കാതെ രോഗ നാമത്തിലുള്ള വാതമെന്ന് ശബ്ദത്തെ പ്രധാനമാക്കി ചികിത്സിക്കുവാൻ ഇടവന്നാൽ പലപ്പോഴും തെറ്റുപറ്റുവാൻ ഇടയുണ്ട്.

രോഗലക്ഷണങ്ങളെ പ്രത്യാത്മികങ്ങൾ എന്നും സഹചാരികൾ എന്നും രണ്ട് തരത്തിൽ തിരിക്കാവുന്നതാണ്. ഏതെങ്കിലും പ്രത്യാത്മികമായ ലക്ഷണത്തെ പ്രധാനമാക്കി സഹചാരികളായ മറ്റു ലക്ഷണങ്ങളെ അപ്രധാനമാക്കി, ഒരു രോഗമായി സങ്കൽപ്പിക്കുകയാണ് പതിവെന്ന് പറയാം എന്ന് തോന്നുന്നു. ചയം, കോപം, പ്രസരം, സ്ഥാന സംശ്രയം, വ്യക്തി എന്നിങ്ങനെ സമ്പ്രാപ്തിയെ അഞ്ചു ക്രിയാകാലങ്ങ ളായി വിഭജിച്ചിട്ടുണ്ടല്ലോ. ദോഷം ചയിച്ചു, കോപിച്ചു, പ്രസരിച്ചു, ഏതെ ങ്കിലും സ്ഥാനത്തെ സംശ്രയിച്ച്, രോഗമായി വ്യക്തമാകുന്നു, (*ക്ഷിപ്യ മാണഃ ഖവൈഗുണ്യാൽ രസഃ സജ്ജതി യത്ര സഃ തസ്മിൻ വികാരം കരുതേ ഖേ വർഷമിവ തോയദഃ*) എവിടെ എങ്കിലുംവച്ച് സ്രോതസ്സിന്റെ വൈകല്യം കൊണ്ടോ രോധം കൊണ്ടോ കുപിതമായ ദോഷം തടയപ്പെ ട്ടാണ് അവിടെ രോഗമുണ്ടാകുന്നത്. ദോഷകോപത്തിന്റെയും ദോഷ വ്യാപ്തിയ്ക്കു തടസ്സമുണ്ടായ സ്ഥാനത്തിന്റെയും പ്രത്യേകതകൊണ്ടാണ് പ്രത്യാത്മികമായ ലക്ഷണം പ്രത്യക്ഷപ്പെടുന്നത്. ജ്വരത്തിൽ സന്താപം (ചൂട്) അതിസാരത്തിൽ മലത്തിന്റെ അതിസരണം (മലം ഇളകിപ്പോകൽ) വിസർപ്പത്തിൽ വിവിധമായ സർപ്പണം (വ്യാപനം, പരക്കൽ), കാസത്തിൽ

കസനം (ചുമയ്ക്കൽ) എന്നിങ്ങനെ പ്രത്യാത്മികമായ ലക്ഷണം രോഗത്തിനു അതാതുവിധത്തിൽ പേരിടുന്നതിനു കാരണമായിരിക്കുന്നു. *(ജ്വര പ്രത്യാത്മികം ലിംഗം സന്താപോ ദേഹമാനസ; അതീവാധഃസര ത്യേഷസ്തസ്മാൽ വ്യാധിം ഘോരം തം അതിസാരമാഹുഃ; വിവിധം സർപ്പതിയതോ വിസർപ്പസ്തേന സംജ്ഞിതഃ ;കസനാൽ കാസ ഉച്യ തേ)* എന്നിങ്ങനെ ആചാര്യന്മാർ പ്രത്യാത്മികലക്ഷണത്തെ ഉദാഹരിച്ചി ട്ടുണ്ട്. ഒപ്പമോ പിന്നീടോ കോപിക്കുന്ന ദോഷങ്ങളുടെ സ്വഭാവവും മറ്റു കാരണങ്ങളും കൊണ്ട് ഓരോ രോഗത്തിലും സംഖ്യാഭേദത്തിനു കാര ണമാംവിധം മറ്റു ലക്ഷണങ്ങളുമുണ്ടാകും. അവയെയാണ് സഹ ചാരിലക്ഷണങ്ങൾ എന്നു പറയുന്നത്. എട്ടുതരത്തിൽ ജ്വരമെന്നും മറ്റും പറയപ്പെടുന്നുണ്ടല്ലോ. എന്നാൽ ഏതുതരത്തിലുള്ള ജ്വരത്തിലും, മറ്റു ലക്ഷണങ്ങൾക്ക് എന്തെന്തു ഭേദങ്ങൾ ഉണ്ടായാലും, സന്താപം എന്ന പ്രത്യാത്മികമായ ലക്ഷണത്തിനു മാറ്റമില്ല. അതുതന്നെയാണ് അതിസാ രത്തിലും കാസത്തിലും, വിസർപ്പത്തിലുമെന്നല്ല എല്ലാ രോഗങ്ങളിലും സ്ഥിതി. വാതജ്വരമെന്നും, പിത്താതിസാരമെന്നും, കഫവിസർപ്പമെന്നും മറ്റും പറയപ്പെടുന്ന രോഗഭേദങ്ങളിൽ വാതവും പിത്തവും കഫവും പ്രത്യാത്മികമായ ലക്ഷണത്തിനു ഭേദം വരുത്താതെ സഹചാരികളായ ലക്ഷണങ്ങൾക്കു ഭേദം വരുത്തുന്നു. എന്നാൽ വാതരോഗം, വാതരക്തം, ആമവാതമെന്നിങ്ങനെയുള്ള രോഗങ്ങളിൽ, അതാതിന്റെ പ്രത്യാത്മിക മായ ലക്ഷണത്തോടു ബന്ധപ്പെടുത്തിയാണ് വാതശബ്ദം പ്രയോഗിയ്ക്ക പ്പെട്ടിരിക്കുന്നതെന്നു മനസ്സിലാക്കേണ്ടതുണ്ട്. ഇങ്ങനെയുള്ള പ്രത്യാ ത്മികലക്ഷണമാണ് രോഗത്തിന്റെ വ്യക്തിത്വത്തിനും വ്യത്യസ്തതയ്ക്കും കാരണമാകുന്നത്. ഇവിടെ പരാമൃഷ്ടങ്ങളാകുന്ന നാലുരോഗങ്ങളിലും, പ്രത്യാത്മികമായിത്തന്നെ വാതം പ്രാധാന്യം വഹിക്കുന്നുവെങ്കിലും അവ തമ്മിലുള്ള വ്യത്യാസത്തെ മനസ്സിലാക്കുന്നതു ചികിത്സയെ സംബന്ധി ച്ചുള്ള വ്യത്യാസത്തെ അറിയുന്നതിനും പറ്റിപ്പോകുന്നതിനിടയുള്ള പല തരത്തിലുള്ള തെറ്റുകളെ ഒഴിവാക്കുന്നതിനും ഒഴിച്ചുകൂടാത്തതാണ്.

## വാതരോഗം

രോഗങ്ങളെ വർഗീകരിക്കുമ്പോൾ, കഫരോഗം, പിത്തരോഗം എന്നു പ്രത്യേകിച്ചു രോഗങ്ങളെ വിഭജിച്ചിട്ടില്ല. എന്നാൽ വാതരോഗം എന്നൊരു വിഭാഗം പറയപ്പെട്ടിട്ടുണ്ട്. മറ്റെല്ലാ രോഗങ്ങളിലും കഫംകൊണ്ടും പിത്തം കൊണ്ടും വാതംകൊണ്ടുമുള്ള വിശേഷങ്ങളെ എടുത്തുപറയുന്നുണ്ട്. എന്നാൽ വാതംമാത്രം കോപിച്ചുണ്ടാവുന്ന രോഗം പോലെ, കഫം മാത്ര മോ, പിത്തമാത്രമോ കോപിച്ചുണ്ടാവുന്ന ഒരു രോഗം പറയപ്പെട്ടുകാണു ന്നില്ല. നാനാർത്ഥങ്ങളായി വാതംകൊണ്ട് എൺപത്, പിത്തംകൊണ്ട് നാൽപത്, കഫംകൊണ്ട് ഇരുപത്, എന്നിങ്ങനെ വികാരങ്ങളെ, പറഞ്ഞി രിക്കുന്നത്, രോഗങ്ങൾ എന്ന അർത്ഥത്തിൽ അല്ല എന്നു ധരിയ്ക്കേണ്ടി യിരിക്കുന്നു. നാനാത്മജങ്ങൾ എന്നതിനു മറ്റുദോഷങ്ങളുടെ ബന്ധമി ല്ലാതെ ഓരോ ദോഷവും സ്വന്തം നിലയിൽ ഉണ്ടാക്കുന്ന ലക്ഷണങ്ങൾ എന്നാണ് താൽപര്യമെന്നു ധരിയ്ക്കേണ്ടിയിരിക്കുന്നു. അവയ്ക്ക് ഓരോ ന്നിനും പ്രത്യേകിച്ചു നിദാനവും സമ്പ്രാപ്തിയും ചികിത്സയും പറയ പ്പെട്ടിട്ടില്ല. പലപ്പോഴും വികാരമെന്നും രോഗമെന്നും പര്യായമെന്നപോലെ പ്രയോഗിയ്ക്കപ്പെടുന്നുണ്ടെങ്കിലും, നിദാനവും സമ്പ്രാപ്തിയും ചികി ത്സയും പ്രത്യേകിച്ചു പറയപ്പെടുന്നതു രോഗവും, അതാതു ദോഷത്തിന്റെ വൈഷമ്യംകൊണ്ട് മിക്കവാറും മറ്റുദോഷത്തിന്റെ പ്രസക്തി കൂടാതെ പ്രത്യക്ഷപ്പെടുന്നതു വികാരവുമാണെന്നു സാമാന്യമായി പറയാവുന്ന താണ് എന്നു തോന്നുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ കായചികി ത്സിതത്തിൽ നിദാനസ്ഥാനത്തും, ചികിത്സാസ്ഥാനത്തും ജ്വരനിദാനം ജ്വരചികിത്സിതം എന്നറിയപ്പെടുന്നതും; അതുപോലെ മറ്റു അംഗങ്ങളിൽ ബാലാമയവിജ്ഞാനീയം, ബാലാമയപ്രതിഷേധം എന്നിങ്ങനേയും പറ യപ്പെട്ട അധ്യായങ്ങളിൽ പ്രത്യേകം പേരെടുത്തു പറഞ്ഞു വിവിരിയ്ക്ക പ്പെട്ടവയാണു സാമാന്യമായി രോഗങ്ങൾ എന്നു ഗണിയ്ക്കപ്പെടേണ്ടതു എന്നു തോന്നുന്നു. വികാരം എന്നു കാണുന്നേടത്ത്, അതാതു ദോഷ ത്തിന്റയും മറ്റു വൈഷമ്യമാണു പ്രധാനമായി ഉദ്ദേശിയ്ക്കപ്പെടുന്നത് എന്നു വിചാരിക്കാം. പ്രതിപാദ്യത്തിലെന്നപോലെ പ്രതിപാദനത്തിന്റെ ശൈലിയിലും കഴിയുന്നത്ര ശാസ്ത്രീയത പുലർത്തുന്ന വാഗ്ഭടഗ്രന്ഥ ങ്ങളെ അനുസരിച്ചാണു ഈ വിശകലനം.

മറ്റാചാര്യന്മാരെക്കുറിച്ച് *തേ അർത്ഥപ്രത്യായനപരാഃ വചനേ യച്ച നാദൃതാഃ* (കാര്യം എങ്ങനെയെങ്കിലും പറഞ്ഞൊപ്പിക്കണമെന്നല്ലാതെ, പറയുന്ന ശൈലിയിൽ നിഷ്ക്കർഷയില്ലാത്തവർ) എന്നു സംഗ്രഹത്തിൽ വാഗ്ഭടൻ വിലയിരുത്തുന്നതു ഏറെക്കുറെ ശരിയാണെന്നു മനസ്സിരുത്തി നോക്കുമ്പോൾ ആർക്കും തോന്നാതിരിക്കുകയില്ല. പിത്തരോഗനിദാനം, പിത്തരോഗചികിത്സിതം, കഫരോഗനിദാനം, കഫരോഗചികിത്സിതം എന്നിങ്ങനെ മറ്റുദോഷങ്ങളെ പ്രധാനമായി ആശ്രയിച്ചു രോഗങ്ങളെപ്പറയാതെ, വാതരോഗനിദാനം വാതരോഗചികിത്സിതം എന്നിങ്ങനെ വാതത്തെ പ്രധാനമാക്കി ചില രോഗങ്ങളെപ്പറഞ്ഞിരിയ്ക്കുന്നതിന്റെ താൽപര്യം, വാതത്തിന്റെ സവിശേഷതയാണ് എന്നു ധരിയ്ക്കണം. ജ്വരം മുതലായ രോഗങ്ങളിൽ വാതികം, പൈത്തികം, ശ്ലൈഷ്മികം എന്നുമറ്റുമുള്ള വകഭേദത്തിന്നു അവസരമുണ്ട്. എന്നാൽ വാതരോഗത്തിൽ സാമാന്യമായി അത്തരം വിഭാഗത്തിന്നു അവസരമില്ല (സാമനിരാമതാദിരുപമായ അവസ്ഥാഭേദമുണ്ടാകാമെന്നുമാത്രം) വാതരോഗത്തിന്റെ പ്രത്യാത്മികമായ ലക്ഷണം, കരചരണാദ്യവയവങ്ങളുടേയും ശരീരത്തിന്റെയും ആകെത്തന്നെയുള്ള ചേഷ്ടകൾക്ക് (ചലനങ്ങൾക്ക്) ഉണ്ടാകുന്ന വൈഷമ്യവും വൈകല്യവുമാകുന്നു. ആക്ഷേപകം, അപതന്ത്രകം, അപതാനകം, അന്തരായാമം, ബഹിരായാമം, വ്രണായാമം, ഹനുസ്രംസം, ജിഹ്വാസ്തംഭം, അർദ്ദിതം, സിരാഗ്രഹം, പക്ഷവധം, അപബാഹുകം, വിശ്വാചീ, പംഗുത്വം, ഗൃധ്രസി എന്നിങ്ങനെയുള്ള രോഗങ്ങളാണല്ലോ വാതരോഗനിദാനാധ്യായത്തിൽ പറയപ്പെട്ടിരിക്കുന്നത് ദണ്ഡകം, ഊരുസ്തംഭം, ക്രോഷ്ഠുകശീർഷം എന്നിങ്ങനെ ചില രോഗങ്ങൾ കൂടി വാതവ്യാധിനിദാനാധ്യായത്തിൽ പറയപ്പെട്ടിട്ടുണ്ട്, എന്നാൽ ആക്ഷേപകാദികളിൽപ്പറയപ്പെട്ടിട്ടുള്ള ശൈലിയിൽ നിന്നു വ്യത്യസ്തമാണ് ദണ്ഡകം, ഊരുസ്തംഭം, ക്രോഷ്ഠുകശീർഷം എന്നിങ്ങനെയുള്ളവയിലെ ചികിത്സാശൈലി എന്നു ധരിയ്ക്കപ്പെടേണ്ടതുണ്ട്. പ്രത്യേകമായി പറയപ്പെടേണ്ട വ്യത്യാസം തൈലത്തിന്റെ ഉപയോഗമാകുന്നു. ആക്ഷേപകക്രിയയിൽ തൈലത്തിന്റെ പ്രയോഗം (സ്നേഹത്തിന്റെ ഉപയോഗം എന്നു പറയാം.) പ്രസക്തമാകുമ്പോൾ രൂക്ഷോപചാരം ആവശ്യമായ ദണ്ഡകാദിയിൽ ആമത്തിന്റെയും

കഫത്തിന്റെയും പ്രാധാന്യം നിമിത്തം, അവസ്ഥാഭേദമെന്നതിൽക്കവിഞ്ഞു തന്നെ വിശേഷം വ്യക്തമാകുന്നു. പ്രത്യേകം രോഗമായി, പ്രതിപാദിക്കാനുള്ള പ്രാധാന്യമില്ലെന്ന സങ്കൽപമാകാം, വാതവ്യാധ്യാധ്യാത്തിൽ അനുബന്ധമായി അവയെക്കൂടിച്ചേർത്തു പറയാൻ കാരണം. ചരകത്തിൽ, ഊരുസ്തംഭത്തെ പ്രത്യേകരോഗമായി, പ്രത്യേകാധ്യായത്തിൽത്തന്നെ പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. അവക്കു പ്രത്യേകിച്ച് വാതികാദിവിഭാഗമില്ലെന്നും ധരിയ്ക്കാം. വാതരോഗങ്ങളിൽ, ബാധിതമായ ദേഹദേശത്തെ ഭേദംകൊണ്ട് തിരിച്ചറിയാത്ത വ്യത്യാസമുണ്ടാകാമെങ്കിലും, ചികിത്സയിൽ തികച്ചും സാദൃശ്യം ഉണ്ട് എന്നു കാണാം. *ആയാമയോരർദ്ദിതവൽ ബാഹ്യാഭ്യന്തരയോഃ ക്രിയാ*-ആയാമങ്ങളിൽ അർദ്ദിതത്തിൽ എന്നപോലെ ബാഹ്യവും ആഭ്യന്തരവുമായ ഉപചാരം വേണ്ടതാകുന്നു. *സ്നേഹനം സ്വേദസംയുക്തം പക്ഷാഘാതേ വിരേചനം* (പക്ഷവധത്തിൽ സ്നേഹസ്വേദങ്ങളും വിരേചനവും ആണ് വിധിയ്ക്കപ്പെട്ടിരിക്കുന്നത്, *വാതസ്യോപക്രമഃ സ്നേഹഃ സ്വേദഃ സംശോധനം മൃദു* (വാതത്തിന്നു സ്നേഹവും സ്വേദവും മൃദുവായ ശോധനവും) എന്നു പറയപ്പെട്ടിരിക്കുന്ന വാതത്തിന്റെ സാമാന്യമായ ഉപക്രമം തന്നെയാണല്ലോ. മൃദുവായ സംശോധനം ഇവിടെ സ്നിഗ്ധമായ വിരേചനമാണെന്നു സാമാന്യമായി ധരിക്കാം. ആനുലോമികമായ വിരേചനം പലപ്പോഴും, വസ്തിയേക്കാൾത്തന്നെ വാതചികിത്സയിൽ പ്രാധാന്യമുള്ളതാണെന്നു അനുഭവവും ഉപദേശവുംകൊണ്ടു സിദ്ധമാകുന്നു, വാതവ്യാധികളിൽ ബാധിതമായ ദേഹദേശത്തിന്റെ ഭേദംകൊണ്ടു വ്യത്യസ്തമായി പറയപ്പെട്ട രോഗങ്ങൾക്കും ചികിത്സ ഓരോരോ രീതിയിലാകുന്നു.

ഇവിടെ പരാമൃഷ്ടങ്ങളാകുന്ന നാലുരോഗങ്ങളിലും, പ്രത്യാത്മികമായിത്തന്നെ വാതം പ്രാധാന്യം വഹിയ്ക്കുന്നുവെങ്കിലും അവ തമ്മിലുള്ള വ്യത്യാസത്തെ മനസ്സിലാക്കുന്നതു ചികിത്സയെ സംബന്ധിച്ചുള്ള വ്യത്യാസത്തെ  അറിയുന്നതിനും പറ്റിപ്പോകുന്നതിനിടയുള്ള പലതരത്തിലുള്ള തെറ്റുകളെ ഒഴിവാക്കുന്നതിനും ഒഴിച്ചുകൂടാത്തതാണ്.

## വാതരക്തവും രക്തവാതവും

ചരകൻ, വാഗ്ഭടൻ എന്നീ പ്രാമാണികന്മാരായ ആചാര്യന്മാർ രക്തവാതം എന്നൊരു രോഗത്തെക്കുറിച്ച് പറയുന്നില്ല. അവർ വിശിഷ്ടമായ രോഗമായി വാതരക്തമെന്നാണു പറയുന്നത്. എന്നാൽ കേരളത്തിൽ അതേ താൽപര്യത്തിൽ രക്തവാതമെന്നാണു പഴയകാലം മുതൽ രോഗത്തിന്റെ പേർപറഞ്ഞു വന്നിരുന്നതു എന്നു കരുതേണ്ടിയിരിക്കുന്നു. പ്രാകൃതന്മാർ മാത്രമല്ല പണ്ഡിതന്മാരും അധികം അങ്ങനെയാണു മിക്കവാറും പറഞ്ഞുപോന്നത്. കേരളീയങ്ങളായ ഗ്രന്ഥങ്ങളിൽ ധാരാളമായി അത്തരം പ്രയോഗങ്ങൾ, രക്തത്തോട് അനുബന്ധിച്ച് വാതശബ്ദം പ്രയോഗിയ്ക്കുന്നവയായി കാണാൻ കഴിയും. *കുത്തോടനോവു ചൂടും പെരുകുകിലുദകേ പിണ്ഡതൈലം കടഞ്ഞിട്ടസ്രാഖ്യേ തേയ്ക്ക വാതേ തലയിലിടുക വെൺപാൽവിമിശ്രാം ച വെണ്ണാം* (യോഗാമൃതം) *വാതോത്തരേ തേയ്ക്കൊരു രക്തവാതേ നാൾതോറുമക്ഷീരബലാഖ്യതൈലം* (യോഗാമൃതം) *ബലാഗുളുചീദേവാഹ്വകാഥതോയേ പചേൽ ബുധഃ തൈലപ്രസ്ഥം തഥാ ശ്ലക്ഷ്ണപിഷ്ടാനേതാൻ പ്രയോജയേൽ ചോരകദ്വയമഞ്ജിഷ്ഠാശാരിബാതഗരാമയാൻ ത്രിജാതകവചാരാസ്നാനാഗകേസരസംയുതാൻ രോഹിണീനതയഷ്ട്യാഹ്വശതപുഷ്പാബലന്വിതം സിദ്ധം വാതഹരം ശ്രേഷ്ഠം രക്തവാതേ ച പൂജിതം* (ചികിത്സാമഞ്ജരി) *ബലാഗുളുചീചതുരംഗുലാനാമേരണ്ഡതൈലേന പിബേൽ കഷായം ക്രമേണ സർവ്വാംഗജമപ്യശേഷം ജയേദസൃഗ്വാതഭവം വികാരം* (യോഗരക്തസമുച്ചയം)

*ധുർധൂരഫലബീജാനി ക്ഷീരപക്വാനി പേഷയേൽ നവനീതവിമിശ്രേണ തേനാലേപോ ƒ സ്രവാതജിൽ* (ചികിത്സാക്രമം) വൈദ്യമഞ്ജരി മുതലായ ഗ്രന്ഥങ്ങളിൽ നിന്നു ഇങ്ങനെ എത്രവേണമെങ്കിലും ഉദ്ധരിക്കാം.

എന്നാൽ തികച്ചും ശാസ്ത്രീയമായി ചിന്തിക്കുമ്പോൾ വാതരക്തം പോലെ രക്തവാതം സ്വതന്ത്രമായ സമ്പ്രാപ്തിയോടും ലക്ഷണങ്ങളോടും ചികിത്സകളോടുംകൂടിയ രോഗമാണെന്നു പറഞ്ഞുകൂടാ.

മാധവനിദാനത്തിൽ ഈ വിഷയം തികച്ചും ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്.

*ദ്വയോർദുഷ്ടത്വേഽപി വാതസ്യ പ്രാബല്യാൽ ദോഷത്വേന പ്രാധാന്യാൽ വാതരക്തവ്യപദേശഃ; ന തു രക്തവാത ഇതി* (വാതവും രക്തവും ദുഷ്ടങ്ങളാണെങ്കിലും, വാതത്തിന്നു പ്രാബല്യവും ദോഷമെന്ന നിലയ്ക്കു പ്രാധാന്യമുള്ളതുകൊണ്ട് വാതരക്തമെന്നു പറയുന്നു. രക്തവാതമെന്നല്ല) തൽ പ്രാബല്യാദുച്യതേ വാതരക്തം (വായുവിന്റെ ബലാധിക്യം കൊണ്ടു വാതരക്തമെന്നു പറയപ്പെടുന്നു.) എന്ന ഭാഗത്തിന്റെ വ്യാഖ്യാനത്തിൽ മധുകോശം ഇങ്ങനെ പറയുന്നു. *നനു രുജസ്തീവ്രാഃ സസന്താപാഃ ഇത്യാദിനാ രക്തഗതസ്യ വാതസ്യ ലക്ഷണം വാതവ്യാധ്യാവേവോക്തം. തതശ്ച വാതരക്താഭിധാനം പുനരുക്തം സ്യാൽ. നൈവം, വാതരക്തം ഹി ദുഷ്ടേന വാതേന ദുഷ്ടേന രക്തേന ച വിശിഷ്ടസമ്പ്രാപ്തികം വികാരാന്തരമേവ. രക്തഗതവാതേ തു വാത ഏവ ദുഷ്ടം രക്തമദുഷ്ടമേവ ഗച്ഛതീതി ഭേദഃ* (മധുകോശം-വാതരക്തനിദാനം) കഠിനങ്ങളായ വേദനകൾ, ചുട്ടുനീറ്റം എന്നും മറ്റും രക്തത്തെ ആശ്രയിച്ചു കുപിതനായ വാതത്തിന്റെ ലക്ഷണം വാതവ്യാധിനിദാനത്തിൽത്തന്നെ പറഞ്ഞിട്ടുണ്ടല്ലോ.

ഏതെങ്കിലും ഒരു സന്ധിയിൽ മാത്രമുണ്ടായാൽ വാതരക്തമെന്നു പറയുകയില്ല. കാൽമുട്ടിൽ മാത്രമുണ്ടാവുന്ന ക്രോഷ്ടുകശീർഷത്തെ വാതരക്തത്തിലല്ല, പെടുത്തിയിരിക്കുന്നത്. അഹിതങ്ങളായ ആഹാരങ്ങൾ കൊണ്ടു, വിശേഷിച്ചു രക്തദുഷ്ടികരങ്ങളായ നിദാനങ്ങൾകൊണ്ട്, രക്തം ദുഷിച്ചിരിയ്ക്കുമ്പോൾ, പ്രത്യേകിച്ച് ശീതളങ്ങളായ കാരണങ്ങൾ കൊണ്ടു വാതവും കുപിതവുമായി പരസ്പരം മൂർച്ഛിച്ചുണ്ടാവുന്നതാണ് വാതരക്തം. അതുകൊണ്ടു വാതരക്തത്തെക്കുറിച്ചു പറയുന്നത് ആവർത്തനമാകുമല്ലോ എന്ന പൂർവ്വപക്ഷത്തിന്നു സമാധാനം ഇപ്രകാരമാകുന്നു.- അതങ്ങനെയല്ല. വാതരക്തം ദുഷ്ടമായ വാതവും ദുഷ്ടമായ രക്തവും ചേർന്നുണ്ടാവുന്നതും വിശിഷ്ടമായ സമ്പ്രാപ്തിയോടു കൂടിയതുമായ രോഗമാകുന്നു. രക്തഗതവാതത്തിലാകട്ടെ വാതം മാത്രമാണു ദുഷ്ടം. രക്തം ശുദ്ധമായിട്ടുതന്നെ സഞ്ചരിക്കുന്നു എന്ന വ്യത്യാസമുണ്ട് എന്ന ഭാഗം വായിച്ചാൽ *രക്തഗതഃ വാതഃ രക്തവാതഃ* എന്ന മധ്യമപദലോപിയാലുണ്ടാവുന്ന രക്തവാതവും *വാതഃ ച രക്തം ച വാതരക്തം* എന്നു സമാഹാരദ്വന്ദ്വനായുണ്ടാവുന്ന വാതരക്തവും ഭിന്നങ്ങളായ രോഗങ്ങളാ

ണെന്നു തോന്നും. *രുജസ്ത്രീവ്രാസ്സസന്താപാഃ വൈവർണ്യം കൃശതാ രുചിഃ ഗാത്രേ ചാരുംഷി ഭുക്തസ്യ സ്തംഭശ്ചാസൃഗ്ഗതേ f നിലേ* (മാ. നി.) കഠിനങ്ങളായ വേദനകൾ, ചുട്ടുനീറ്റം, ചടപ്പ്, രുചിയില്ലായ്ക, ശരീരത്തിൽ വ്രണങ്ങൾ, ഭക്ഷണം കഴിച്ചാൽ സ്തംഭനം എന്നിവയാണു വാതം അസൃഗ്ഗതമാകുമ്പോഴത്തെ ലക്ഷണം. ദുഷ്ടനായ വായുവിന്റെ പ്രേരണം നിമിത്തം, രക്തം ദുഷിയ്ക്കാതെതന്നെ, വാതത്തിന്റേതായ ചില വികാരങ്ങൾ ആവിർഭവിച്ചിരിക്കുന്നു. ആശ്രയപ്രധാനങ്ങളായ ലക്ഷണങ്ങളാണു വായു സാമാന്യമായി ആവിഷ്ക്കരിക്കുക. രക്തത്താൽ ആവൃതമാർഗമാണു വായുവെന്നും വരാം. ഇവിടെ രക്തത്തിന്നു ദുഷിയ്ക്കുന്നതിനു അതിന്റേതായ കാരണങ്ങൾ ഇല്ല എന്നു വരാം. ഈ അവസ്ഥയെ വാതരക്തത്തിൽത്തന്നെ ഉൾപ്പെടുത്താവുന്നതാണെന്നു ചിലർക്കു പക്ഷമുണ്ട്. *അന്യേ f ത്വസൃഗ്ഗതവാതലക്ഷണം ന പഠന്തി. വാതരക്തേന സഹാഭേദാൽ; തന്ന; അത്ര ദുഷ്ടോ വായുഃ രക്തേനാവൃതഃ കുപ്യതി;വാതരക്തേ തു സ്വകാരണാദുഭാവപി ഹസ്ത്യാദിഗമനകുപിതൗ വിശിഷ്ടസമ്പ്രാപ്ത്യാ ഹസ്തപാദഗതാവേവ വാതരക്താഖ്യം വികാരം ജനയതഃ* (ചിലർ രക്തഗതമായ വാതത്തിന്റെ ലക്ഷണത്തെ പറയുന്നില്ല. വാതരക്തത്തിൽ നിന്നു ഭിന്നമല്ലാത്തതിനാൽ; എന്നാലതു ശരിയല്ല. വാതരക്തത്തിൽ വാതവും രക്തവും രണ്ടും, അതാതിന്റെ കാരണം കൊണ്ടു വെവ്വേറെ കോപിച്ച്, സമ്പ്രാപ്തിവിശേഷത്തോടുകൂടി, പാദമൂലത്തേയും ഹസ്തമൂലത്തേയും ആശ്രയിച്ചു. ഇടയ്ക്കിടയ്ക്കു ലക്ഷണങ്ങളെ പ്രകടിപ്പിച്ചുകൊണ്ടു രോഗത്തെ രൂപപ്പെടുത്തുന്നു. വാതരക്തത്തിൽ പാദഹസ്തമൂലാശ്രിതത്വവും സന്ധിവ്യാപ്തിയും വിട്ടുവിട്ടുള്ള ആധിക്യവും (*ഭൂത്വാ ഭൂത്വാ പ്രണശ്യന്തി മുഹുരാവിർഭവന്തി ച*) ഒഴിച്ചുകൂടാത്ത ലക്ഷണങ്ങളാണ്. രക്തം കൂടി ദുഷിക്കുന്നതിനുള്ള പ്രത്യേകകാരണവുമുണ്ടായിരിക്കണം. വാതം മാത്രം കോപിയ്ക്കാനുള്ള കാരണത്തോടുകൂടി രക്തവികാരലക്ഷണങ്ങൾ കണ്ടാൽ അതു രക്തഗതവാതമേ ആവുകയുള്ളു. വാതത്തിന്റെ യോഗവാഹിത്വം കൊണ്ട്, സ്ഥാനിയെ പ്രധാനമാക്കി രക്തപ്രസാദനമായ ചികിത്സകൊണ്ടിവിടെ സമാധാനം സിദ്ധിക്കുന്നു. *ഭവിഷ്യതഃ കുഷ്ഠസമം* (പൂർവ്വരൂപത്തിൽ കുഷ്ഠത്തോടു സദൃശം) ആയിരിക്കുക എന്നതു പ്രത്യേകിച്ചു വാതരക്തത്തെ വിശിഷ്ടമാക്കുന്നു എന്നതും ശ്രദ്ധേയമാണ്. വാത

രക്തത്തിന്റെ പ്രത്യാത്മികമായ ലക്ഷണം *ജാനുജംഘോരുകട്യംസഃ ഹസ്തപാദാംഗസന്ധിഷു കണ്ഡൂസ്ഫുരണനിസ്തോദഭേദഗൗരവ സുപ്തതാഃ* എന്നു വാഗ്ഭടനും *തസ്യ സ്ഥാനം കരൌ പാദാവംഗുല്യ സ്സർവ്വസന്ധയഃ* എന്നു ചരകനും പറഞ്ഞിട്ടുള്ളതിൽ നിന്നൂഹിയ്ക്കാവുന്നതാണ്. മുട്ട്, കണങ്കാൽ, തുട, അരക്കെട്ട്, ചുമൽ, കൈ, കാൽ എന്നിവിടങ്ങളിലെ എല്ലാ സന്ധികളിലും ചൊറിച്ചിൽ, തുടിപ്പ്, കുത്തിനോവ്, പിളരുംപോലെ വേദന, കനം, തരിപ്പ് എന്നിവയാകുന്നു. നീരുമുതലായവയും ഉണ്ടാകാം. ഏതെങ്കിലും ഒരു സന്ധിയിൽ മാത്രമുണ്ടായാൽ വാതരക്തമെന്നു പറയുകയില്ല. എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. അഹിതങ്ങളായ ആഹാരങ്ങൾകൊണ്ടു, വിശേഷിച്ചു രക്തദുഷ്ടികരങ്ങളായ നിദാനങ്ങൾകൊണ്ട്, രക്തം ദുഷിച്ചിരിക്കുമ്പോൾ, പ്രത്യേകിച്ച് ശീതളങ്ങളായ കാരണങ്ങൾകൊണ്ടു വാതവും കുപിതമായി പരസ്പരം മൂർച്ഛിച്ചുണ്ടാവുന്നതാണ് വാതരക്തം. കാലാവസ്ഥാവ്യത്യാസം, രോഗവ്യക്തിയിൽ പ്രത്യേകിച്ചു പ്രാധാന്യം വഹിക്കുന്നു. *ഭൂത്വാ ഭൂത്വാ പ്രണശ്യന്തി മുഹുരാവിർഭവന്തി ച* - കൂടിയും കുറഞ്ഞുമിരിയ്ക്കുക എന്നതു വാതരക്തത്തിന്റെ പ്രധാനപ്പെട്ട ലക്ഷണമാകുന്നു. തല്ക്കാലം മാറിയമാതിരി ഇരുന്നാലും വീണ്ടും തന്നെ പ്രത്യക്ഷപ്പെടുന്നു.

### ആമവാതം

ചരകനും സുശ്രുതനും വാഗ്ഭടനും ആമവാതം എന്നൊരു രോഗത്തെ, വാതരക്തത്തിൽ നിന്നോ വാതരോഗത്തിൽനിന്നോ വ്യത്യസ്തമായ പ്രാധാന്യത്തോടെ വിവരിക്കുന്നില്ല. മാധവനിദാനകാരനാണത്രെ അങ്ങനെ ഒന്നിനെ പ്രത്യേകിച്ചു നിർധരിച്ചു പ്രതിപാദിച്ചത്. ഭാവമിശ്രൻ തുടങ്ങിയ ആചാര്യന്മാർ അദ്ദേഹത്തെ അനുസരിക്കുകയും ചെയ്തു. ആമത്തോടുകൂടിയ വാതം, ആമത്തിന്നു അനുബന്ധമായിട്ടുള്ള വാതം, എന്നെല്ലാം ആമവാതത്തിന്നു വിവരണം നൽകാം. കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടേയും സ്വഭാവംകൊണ്ടും മറ്റും കേരളത്തിൽ അധികമായി കാണപ്പെടുന്ന രോഗമാണ് ആമവാതമെന്നു പറയാമെന്നു തോന്നുന്നു.

അടുത്തകാലംവരെ (കോളേജുകളിൽ ശാസ്ത്രം സമഗ്രമായി പഠിച്ചു ചികിത്സകരാവുക എന്ന സമ്പ്രദായം സാർവ്വത്രികമായ കാലം

വരെ എന്നു പറയാം) അഷ്ടാംഗഹൃദയപ്രധാനമായി ആയുർവേദം പഠിച്ചു ചികിത്സകരായി പ്രാശസ്ത്യം നേടിയിരുന്ന കേരളീയ ഭിഷഗ്വരന്മാർ, തെറ്റു പറ്റാതെതന്നെ, ആമവാതമെന്നു പ്രത്യേകിച്ചു ധരിച്ചിരുന്നില്ലെങ്കിലും, അത്തരം രോഗങ്ങളെ ചികിത്സിച്ചു ശമിപ്പിച്ചിരുന്നു. അതിന്നുകാരണം കേവലം വാതമെന്നു തോന്നുന്ന രോഗങ്ങളിൽപ്പോലും സ്നേഹത്തിന്റെ ഉപയോഗത്തിൽ മനസ്സിരുത്തേണ്ടതുണ്ട് എന്ന വിചാരമാണ്. ബൃംഹണീയന്മാരെ മൃദുവായി ലംഘിപ്പിക്കണമെന്നും സ്നേഹനീയന്മാരെ അൽപമൊന്നു രൂക്ഷിപ്പിയ്ക്കണമെന്നുമാണല്ലോ ശാസ്ത്രോപദേശം. തികച്ചും നിരാമതയില്ലാത്ത സന്ദർഭങ്ങളിൽ എണ്ണകുഴമ്പുകളുടെ ഉപയോഗം പലപ്പോഴും രോഗശമനത്തെ താമസിപ്പിക്കുമെന്നുമാത്രമല്ല ചിലപ്പോൾ അപകടം,മരണം തന്നെ ഉണ്ടാകുവാൻ ഇടയാക്കുമെന്നും ഓർമ്മിയ്ക്കേണ്ടതുണ്ട്.

ദോഷൗഷധനിരൂപണത്തിലുള്ള അവരുടെ കഴിവും പരിചയവുമായിരുന്നു അതിനുകാരണമായത് എന്നതിന്നു സംശയമില്ല. *അവസ്ഥാശ്ച പൃഥഗ്വിധാഃ* എന്ന നിർദ്ദേശമനുസരിച്ച് ചികിത്സയെ അവസ്ഥാനുവിധാനമാക്കി മനസ്സിലാക്കി, ഉചിതമായ ഉപചാരങ്ങൾകൊണ്ടു ആമത്തെ ശമിപ്പിച്ചതിനുശേഷം, അവശേഷിയ്ക്കുന്ന ലക്ഷണങ്ങൾ വച്ച് വാതരക്തത്തിലോ, വാതരോഗത്തിലോ വിധിയ്ക്കപ്പെട്ട ചികിത്സചെയ്തു പരിപൂർണ്ണമായ രോഗശാന്തിയും ആരോഗ്യലബ്ധിയും സാധിയ്ക്കുന്നതിന്നു അവർക്കു ബുദ്ധിമുട്ടുണ്ടായിരുന്നില്ല. തികച്ചും നിരാമത കൈവരുന്നതുവരെ ഉപചാരം തികച്ചും രൂക്ഷമായിരിക്കണം എന്നതാണു ഈ വിഷയത്തിൽ മുഖ്യമായ സവിശേഷത. പലപ്പോഴും അത്ര നിഷ്കൃഷ്ടമായി ശാസ്ത്രീയമായി ദോഷൗഷധനിരൂപണം ചെയ്യാൻ കഴിയാത്തവരെ സംബന്ധിച്ച് വേദനയെന്നും കുത്തിനോവെന്നും രോഗികൾ പറയുമ്പോഴേക്കും, വാതത്തെ സങ്കൽപ്പിച്ചു എണ്ണയും കുഴമ്പുമൊക്കെ ഉപയോഗിച്ചു തുടങ്ങുക എന്ന അപചാരത്തെ ഒഴിവാക്കുന്നതിനു ആമവാതം എന്ന ഒരു രോഗത്തെ പ്രത്യേകിച്ചു സങ്കൽപ്പിച്ചു വെയ്ക്കുന്നതു നന്നാവുമെന്നതിന്നു സംശയമില്ല. മാധവനിദാനത്തിൽ ആമവാതത്തെക്കുറിച്ചു പറയുമ്പോൾ, *സ കഷ്ടഃ സർവ്വരോഗാണാം യദാ പ്രകുപിതോ ഭവേൽ ഹസ്തപാദശിരോഗുല്ഫത്രികജാനുരൂസന്ധിഷു കരോതി സരുജം ശോഫം*

എന്നിങ്ങനെ, വാതരക്തത്തിൽ പറയപ്പെട്ടതരത്തിൽത്തന്നെ ആമവാതത്തിന്റെ സന്ധ്യാശ്രിതത്വത്തെ വ്യക്തമാക്കുന്നു. ഇങ്ങനെ ഹസ്തപാദാദിസന്ധികളെ ആശ്രയിച്ചു വ്യക്തമാവുക എന്ന പ്രത്യാത്മിക ലക്ഷണം കൊണ്ട് വാതരക്തവും ആമവാതവും തമ്മിൽ മൗലികമായി വ്യാത്യാസമില്ലെന്നും ആമത്തിന്റെ സ്ഥിതിഗതികൾ കൊണ്ടുള്ള അവസ്ഥാഭേദങ്ങൾ മാത്രമേ ഉള്ളുവെന്നും കാണാൻ കഴിയും. ഈ വസ്തുത കൊണ്ടാകാം ചരകസുശ്രുതവാഗ്ഭടന്മാർ, ആമവാതമെന്നു പ്രത്യേകിച്ചൊരു വിശിഷ്ടമായ രോഗത്തെ കണക്കാക്കാതിരുന്നതും പ്രാചീനകേരളീയവൈദ്യന്മാർ, അഷ്ടാംഗഹൃദയത്തെ പ്രത്യേകിച്ചു ആശ്രയിച്ചിരുന്നവരാണെങ്കിലും, ഒരു തരത്തിലുള്ള പിഴവും പറ്റാതെ, അത്തരത്തിലുള്ള രോഗങ്ങളെ ചികിത്സിച്ചു ശമിപ്പിച്ചിരുന്നതും എന്നു നിശ്ചയിക്കാവുന്നതാണ്.

ഇവിടെ പറയപ്പെട്ട രോഗങ്ങൾക്കെല്ലാം പ്രത്യേകതയെ ആശ്രയിച്ചു നിദാനത്തേയും സമ്പ്രാപ്തിയേയും ലക്ഷണങ്ങളേയും വിവരിയ്ക്കുക എന്നത് ഇത്തരമൊരു ലേഖനത്തിൽ പ്രായോഗികമല്ലല്ലോ. ഇവയുടെ വൈജാത്യങ്ങളെ മനസ്സിലാക്കിയിരിയ്ക്കുന്നത് ചികിത്സയിൽ അബദ്ധം പറ്റാതിരിയ്ക്കുന്നതിനു പ്രയോജനപ്പെടും. പലപ്പോഴും അത്തരം സംഗതികളിൽ ശ്രദ്ധിയ്ക്കാത്തതുകൊണ്ടു പലതരത്തിലുള്ള വ്യാപത്തുകളും പറ്റാനിടയുണ്ട്. കേവലം വാതമെന്നു തോന്നുന്ന രോഗങ്ങളിൽപ്പോലും സ്നേഹത്തിന്റെ ഉപയോഗത്തിൽ മനസ്സിരുത്തേണ്ടതുണ്ട്. ബൃംഹണീയന്മാരെ മൃദുവായി ലംഘിപ്പിയ്ക്കണമെന്നും സ്നേഹനീയന്മാരെ അൽപമൊന്നു രൂക്ഷിപ്പിയ്ക്കണമെന്നുമാണല്ലോ ശാസ്ത്രോപദേശം. തികച്ചും നിരാമതയില്ലാത്ത സന്ദർഭങ്ങളിൽ എണ്ണ കുഴമ്പുകളുടെ ഉപയോഗം പലപ്പോഴും രോഗശമനത്തെ താമസിപ്പിക്കുമെന്നു മാത്രമല്ല ചിലപ്പോൾ അപകടം, മരണം തന്നെ ഉണ്ടാകുവാൻ ഇടയാക്കുമെന്നും ഓർമ്മിയ്ക്കേണ്ടതുണ്ട്. എണ്ണകുഴമ്പുകളുടെ ഉപയോഗം ഇക്കാലത്തു കുറച്ചൊക്കെ ആവശ്യത്തിലധികമാകുന്നുണ്ടോ എന്നുതന്നെ എനിക്കു പലപ്പോഴും സംശയം തോന്നാറുണ്ട്. അത്തരം ചിന്തകളിലേയ്ക്കു ശ്രദ്ധ ക്ഷണിയ്ക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

(ഫിസിഷ്യൻ വിശേഷാൽ പതിപ്പ്)